# ML010101 കവിത പ്രാചീനം മധ്യകാലം MCQ

1.രാമചരിതത്തിൽ,രാമായണത്തിലെ ഏത് കാണ്ഡമാണ് ഇതിവൃത്തമായി സ്വീകരിച്ചിരിക്കുന്നത് ?
A അയോധ്യ കാണ്ഡം B സുന്ദരകാണ്ഡം C യുദ്ധകാണ്ഡം

2.തിരു നിഴൽ മാലയുടെ രചയിതാവ് ആര്?
A ചീരാമൻ B ഗോവിന്ദൻ C എഴുത്തച്ഛൻ

3.മണിപ്രവാള ലക്ഷണഗ്രന്ഥം ആയ ലീലാതിലകം രചിച്ചിരിക്കുന്നത് ഏത് ഭാഷയിലാണ്?
A തമിഴ് B മണിപ്രവാളം C സംസ്കൃതം

4.രാമചരിതത്തിലെ പടലങ്ങളുടെ എണ്ണം എത്ര ?
A 164 B 161 C 1814

5.ആറന്മുള ഗ്രാമം പ്രതിപാദിക്കുന്ന പ്രാചീന കൃതി ഏത്?
A രാമചരിതം B തിരുനിഴൽമാല C ബ്രഹ്മാണ്ഡപുരാണം

6.ഭാരതമാലയുടെ രചയിതാവ് ആര്?
A രാമപ്പണിക്കർ B ശങ്കരപ്പണിക്കർ C മാധവപ്പണിക്കർ

7.താഴെ തന്നിരിക്കുന്നവയിൽ മാധവപ്പണിക്കരുടെ കൃതിയേത്?
A കണ്ണശ്ശ രാമായണം B ഭാരതമാല C ഭാഷാ ഭഗവത്ഗീത

8.നിരണം വൃത്തം എന്നറിയപ്പെടുന്ന വൃത്തം ഏത്?
A തരംഗിണി B ദീർഘ തരംഗിണി C കളകാഞ്ചി

9.'ആ ഗ്രന്ഥം ആദ്യന്തം അമൃതമയമാണ്, അതിൽ ഓരോ ശീലിലും കാണുന്ന ശബ്ദ സുഖവും അർഥചമൽക്കാരവും ഏത് സഹൃദയനെയും ആനന്ദപരവശനാക്കുകതന്നെ ചെയ്യും.' എന്ന് മഹാകവി ഉള്ളൂർ അഭിപ്രായപ്പെട്ടിട്ടുള്ളത് ഏത് കൃതിയെ കുറിച്ചാണ്?
A കണ്ണശ്ശ രാമായണം B കണ്ണശ്ശ ഭാഗവതം C കണ്ണശ്ശ ഭാരതം

10.'താഴെ തന്നിരിക്കുന്നവയിൽ കണ്ണശ്ശ കൃതി ഏത്?
A ബ്രഹ്മാണ്ഡപുരാണം B ശിവരാത്രി മാഹാത്മ്യം C ദേവിമാഹാത്മ്യം

11.'മലയാളത്തിലെ ഹോമർ' എന്നറിയപ്പെടുന്ന കവി ആര്?
A ചീരാമൻ B രാമപ്പണിക്കർ C അയ്യിപ്പിള്ളി ആശാൻ

12.രാമകഥാപാട്ടിൻറെ ഭാഷ മലയാംതമിഴ് ആണെന്ന് അഭിപ്രായപ്പെട്ടിരിക്കുന്ന പണ്ഡിതൻ ആര്?
A ഉള്ളൂർ എസ് പരമേശ്വരയ്യർ B എം എം പുരുഷോത്തമൻ നായർ
C പി കെ നാരായണപിള്ള

13.രാമകഥപാട്ടിന് പി കെ നാരായണപിള്ള രചിച്ച വ്യാഖ്യാനത്തിൻറെ പേര് എന്ത്?
A കാന്താരതാരകം B ഭാഷാപരിമളം C കൈരളി

14.അയ്യിപ്പിള്ള ആശാൻ ഏ ഡി 1300 ഇൽ ജീവിച്ചിരുന്നു എന്ന് അഭിപ്രായപ്പെടുന്ന സാഹിത്യ ചരിത്രകാരൻ ആര്?
A പി ഗോവിന്ദപ്പിള്ള B എൻ കൃഷ്ണപിള്ള C എം ലീലാവതി

15.രാമകഥാപാട്ട് പാടുവാൻ വേണ്ടി ഉപയോഗിച്ചിരുന്ന വാദ്യോപകരണം ഏത്?
A വില്ല് B ചന്ദ്രവളയം C തുടി

16.മലയാളത്തിൽ ഗാഥ എന്ന പദം കാണപ്പെടുന്ന ആദ്യ കൃതി ഏത്?
A ഉണ്ണിച്ചിരുതേവി ചരിതം B ഉണ്ണിയാടി ചരിതം C ഉണ്ണിയച്ചീചരിതം

17.കൃഷ്ണഗാഥയുടെ മറ്റൊരു പേര് എന്ത്?
A കൃഷ്ണലീല B ഭാരതം ഗാഥ C കൃഷ്ണപ്പാട്ട്

18.കൃഷ്ണഗാഥയിലെ  പ്രതിപാദ്യ വിഷയം ഏത് കൃതിയിൽ നിന്ന് എടുത്തതാണ്?
A  ഭാഗവതം  B മഹാഭാരതം  C രാമായണം

19.മലയാളത്തിലെ ലക്ഷണമൊത്ത ആദ്യ മഹാകാവ്യം എന്ന് കൃഷ്ണഗാഥയെ വിശേഷിപ്പിച്ചതാര്?
A എൻ കൃഷ്ണപിള്ള  B എം ലീലാവതി
C ഉള്ളൂർ എസ് പരമേശ്വരയ്യർ

20.മാകന്ദ മഞ്ജരി, ഗാഥാ വൃത്തം എന്നെല്ലാം അറിയപ്പെടുന്ന വൃത്തം ഏത്?
A കളകാഞ്ചി  B കേക  C മഞ്ജരി

21.കേരളത്തിലുണ്ടായ ആദ്യത്തെ സന്ദേശ കാവ്യം ഏത്?
A ശുകസന്ദേശം  B കോകസന്ദേശം  C ഉണ്ണുനീലി സന്ദേശം

22.കോകസന്ദേശത്തിലെ നായികയുടെ  ഗൃഹത്തിൻറെ പേരെന്ത്?
A തോട്ടവാഴ്പ്പിള്ളി  B ചെറുകര  C മുണ്ടക്കൽ

23.ആദ്യത്തെ പ്രാചീനമണിപ്രവാള കൃതി ഏത്?
A വൈശികതന്ത്രം  B ഉണ്ണിയച്ചീചരിതം  C ഉണ്ണിയാടി ചരിതം

24 ഇന്ദ്രപുരിക്ക് തുല്യമായിഇടപ്പള്ളിയെ വർണ്ണിക്കുന്ന കാവ്യമേത്?
A ശുകസന്ദേശം  B കോകസന്ദേശം  C ഉണ്ണുനീലി സന്ദേശം

25.'ചക്രവാക സന്ദേശം' എന്നുകൂടി അറിയപ്പെടുന്ന കൃതി ഏത്?
A കാകസന്ദേശം  B കോകസന്ദേശം  C മയൂരസന്ദേശം

26.ഉണ്ണിയാടി ചരിതത്തിൻറെ  രചനാ കാലഘട്ടം ഏത്?
A ഏ ഡി പതിനാലാം ശതകം  B ഏ ഡി പതിനൊന്നാം ശതകം
C ഏ ഡി പതിമൂന്നാം ശതകം

27.ആനയച്ച് എന്ന ചോളനാണയത്തെ കുറിച്ച് പരാമർശമുള്ള മണിപ്രവാള കൃതി ഏത് ?
A ഉണ്ണിച്ചിരുതേവി ചരിതം  B ഉണ്ണിയച്ചീചരിതം  C ഉണ്ണിയാടി ചരിതം

28.ചോകിരം - പന്നിയൂർ ഗ്രാമങ്ങളുടെ പരാമർശമുള്ള പ്രാചീന ചമ്പു ഏത്?
A ഉണ്ണിയാടി ചരിതം  B  ഉണ്ണിയച്ചീചരിതം
C ഉണ്ണിച്ചിരുതേവി ചരിതം

29.പ്രാവിട്ട് എന്ന അപ്സരസ്സിൻറെ അവതാരമായ നർത്തകിയുടെ പേരെന്ത്?
A ഉണ്ണിയച്ചി  B ഉണ്ണിയാടി  C ഉണ്ണിച്ചിരുതേവി

30.ഉണ്ണിയാടിചരിതത്തിൻറെ രചയിതാവ് ആര്?
A ദാമോദര ചാക്യാർ  B ഭോജൻ  C ക്ഷേമേന്ദ്രൻ

31.ചന്ദ്രോത്സവത്തിലെ നായികയുടെ പേര് എന്ത്?
A അനംഗസേന  B മേദിനി വെണ്ണിലാവ്
C കൗണോത്തര

32.മണിപ്രവാള ലഘുകാവ്യങ്ങളുടെ സമാഹാരത്തിൻറെ പേര് എന്ത്?
A പദ്യരത്നം  B മുക്തകങ്ങൾ  C ചമ്പുക്കൾ

33.മീൻചന്തയെക്കുറിച്ചും  മരക്കലത്തിൽ വന്ന പപ്പരക്കയ്യരെക്കുറിച്ചും പരാമർശമുള്ള  മണിപ്രവാളകൃതി ഏത്?
A ഉണ്ണിച്ചിരുതേവി ചരിതം  B അനന്തപുരവർണ്ണനം
C മല്ലീനിലാവ്

34.താഴെ തന്നിരിക്കുന്നവയിൽ പദ്യരത്നകൃതി ഏത്?
A ചെറിയച്ചി  B ചന്ദ്രോത്സവം
C രാജരത്നാവലീയം

35. 1949 ഇൽ പദ്യരത്നം പ്രസാധനം ചെയ്ത പണ്ഡിതൻറെ പേരെന്ത് ?
A എൻ കൃഷ്ണപിള്ള B പി കെ നാരായണപിള്ള
C ഉള്ളൂർ എസ് പരമേശ്വരയ്യർ

36.കൊടിയ വിരഹം ചമ്പുവിൻറെ രചയിതാവ് ആര്?
A മഴമംഗലം നാരായണൻ നമ്പൂതിരി B ദാമോദര ചാക്യാർ
C പുനം നമ്പൂതിരി

37.പാട്ടത്തിൽ പത്മനാഭമേനോൻ , നൈഷധം ചമ്പുവിന് എഴുതിയ വ്യാഖ്യാനത്തിൻറെ പേരെന്ത്?
A കാന്താരതാരകം B പ്രാഞ്ജലി
C ഭാഷാപരിമളം

38.ഗദ്യവുംപദ്യവും മിശ്രമായി വരുന്ന സാഹിത്യ പ്രസ്ഥാനത്തിൻറെ പേരെന്ത്?
A മുക്തകം B പാട്ട് C ചമ്പു

39.'അമ്പത്തൊന്നക്ഷരാളി' എന്ന് ഉടങ്ങുന്ന ദേവതാസ്തുതിയോടെ ആരംഭിക്കുന്ന കാവ്യമേത്?
A നൈഷധം ചമ്പു B രാജരത്നാവലീയം
C കൊടിയ വിരഹം

40.രാമായണം ചമ്പുവിൻറെ കർത്താവാര്?
A മഴമംഗലം നാരായണൻ നമ്പൂതിരി B കെഎം പണിക്കർ
C പുനം നമ്പൂതിരി

41. മലയാള ഭാഷയുടെ പിതാവ്
A .എഴുത്തച്ഛൻ B കുഞ്ചൻ നമ്പ്യാർ C.രാമപുരത്ത് വാര്യർ

42.പുത്തൻ പാന' എന്ന ക്രിസ്ത്യൻ ഗാനകാവ്യം രചിച്ചത് ആര്?
A. ഗുണ്ടർട്ട് B.അർണോസ് പാതിരി C. ബെഞ്ചമിൻ ബയ്ലി

43.എഴുത്തച്ഛന്റെ ആധ്യാത്മിക രാമായണം ഏത് സാഹിത്യ പ്രസ്ഥാനവുമായി ബന്ധപ്പെട്ട കൃതിയാണ്?
A . മഹാകാവ്യം B.വഞ്ചിപ്പാട്ട് C.കിളിപ്പാട്ട്

44.1993- ൽ പ്രഥമ എഴുത്തച്ഛൻ പുരസ്കാരം ലഭിച്ചത് ആർക്ക്?
A.ശൂരനാട് കുഞ്ഞൻപിള്ള B. വള്ളത്തോൾ C. ജി ശങ്കരക്കുറുപ്പ്

45. ഭക്തകവി എന്നറിയപ്പെടുന്ന പ്രാചീന മലയാള കവി ആര് ?
A .എഴുത്തച്ഛൻ B .പൂന്താനം C.കുഞ്ചൻ നമ്പ്യാർ

46 ശ്രീകൃഷ്ണ കർണ്ണാമൃതം രചിച്ചതാര്
A.മാധവപ്പണിക്കർ B.കുഞ്ചൻ നമ്പ്യാർ C.പൂന്താനം

47 ഗ്രന്ഥഭാഷ എന്ന ഗ്രന്ഥം രചിച്ചത് ആര് ?
A .അർണോസ് പാതിരി B. ഗുണ്ടർട്ട്
C. ചാവറ കര്യാക്കോസ് ഏലിയാസച്ചൻ

48.അർണോസ് പാതിരി മരിച്ചത് എവിടെവെച്ചാണ്?
A . എറണാകുളം B.കോട്ടയം C.തൃശ്ശൂർ

49.മലയാളത്തിൽ ആദ്യമായി ലെക്സിക്കൻ ഗ്രാമർവർക്ക് തയ്യാറാക്കിയത് ആര് ?
A . ശൂരനാട് കുഞ്ഞൻപിള്ള B. ശ്രീ കണ്ഠേശ്വരം പത്മനാഭപിള്ള C.അർണോസ് പാതിരി

50.മലയാള ഭാഷയിലെ ആദ്യ നിഘണ്ടു രൂപപ്പെടുത്തിയത് ആര് ?

A.അർനോസ് പാതിരി B. ബഞ്ചമിൻ ബെയ്ലി C. ഗുണ്ടർട്ട്

51.എഴുത്തച്ഛൻ കൃതിക്കളിലെ പ്രധാന വൃത്തം ?
A . കേക B.കാകളി C. നതോന്നത

52.എഴുത്തച്ഛന്റെ ജീവിതകാലത്തെക്കുറിച്ച് ആദ്യമായി അഭിപ്രായം രേഖപ്പെടുത്തിയത് ആര് ?
A.ഡോ. ഹെർമൻ ഗുണ്ടർട്ട് B. ഉള്ളൂർ C. ആർ നാരായണപ്പണിക്കർ

53.ഭക്തിപ്രചരണം ലക്ഷ്യം വച്ച് എഴുത്തച്ഛൻ രചിച്ച കൃതി ഏത്?
A . ഹരിനാമകീർത്തനം B. സന്താനഗോപാലം
C.അദ്ധ്യാത്മരാമായണം കിളിപ്പാട്ട്

54.ആര്യ എഴുത്ത് എന്ന അക്ഷര ലിപിയെ ഉദാഹരിച്ച് കാണിക്കാൻ ഉപകരിക്കുന്ന കൃതി ഏത്?
A . പുത്തൻ പാന B. അദ്ധ്യാത്മ രാമായണം C.ഹരിനാമകീർത്തനം

55.തുഞ്ചൻ ദിനം?
A . ജനുവരി 31 B.ഡിസംബർ 31 C. ജൂൺ 31

56.എഴുത്തച്ഛന്റെ അദ്ധ്യാത്മരാമായണത്തിന് അവലംബമായ കൃതി ഏത്?
A.വാല്മീകി രാമായണം B. അദ്ധ്യാത്മ രാമായണം C. കമ്പരാമായണം

57.നവരസങ്ങളും വർണിച്ചിട്ടുള്ള എഴുത്തച്ഛൻ കൃതി ഏത്?
A . ഹരിനാമകീർത്തനം B. അദ്ധ്യാത്മ രാമായണം C.മഹാഭാരതം

58. ജ്ഞാനപ്പാനയുടെ കർത്താവാര്?
A രാമപുരത്തു വാര്യർ B.പൂന്താനം C.കുഞ്ചൻ നമ്പ്യാർ

59. പൂന്താനത്തിന്റെ ജീവിതകാലം ഏത്?
A. 14-ാO നൂറ്റാണ്ട് B. 16-ാO നൂറ്റാണ്ട് C.17- ാO നൂറ്റാണ്ട് .

60. എഴുത്തച്ഛന്റെ ജീവിതകാലം
A.16-ാO നൂറ്റാണ്ട് B. 14-ാO നൂറ്റാണ്ട് C.15-ാO നൂറ്റാണ്ട്

61.ശ്രീകൃഷ്ണചരിതം മണിപ്രവാളം രചിച്ചതാര്?
A. ഇരയിമ്മൻ തമ്പി B.കുഞ്ചൻ നമ്പ്യാർ
C. രാമപുരത്ത് വാര്യർ

62. കുഞ്ചൻ നമ്പ്യാരുടെ ജീവിതകാലം
A. 18- ാO നൂറ്റാണ്ട് B. 17- ാO നൂറ്റാണ്ട് C.16- ാO നൂറ്റാണ്ട്

63. പഞ്ചതന്ത്രം കിളിപ്പാട്ടിന്റെ രചയിതാവാര്?
A . എഴുത്തച്ഛൻ B. രാമപുരത്ത് വാര്യർ C കുഞ്ചൻ നമ്പ്യാർ

64. വഞ്ചിപ്പാട്ട് വൃത്തം ഏത് ?
A. കാകളി B. നതോന്നത C കേക

65. ഓമനത്തിങ്കൾക്കിടാവോ എന്ന് തുടങ്ങുന്ന താരാട്ട് പാട്ട് രചിച്ചതാര്?
A . കോട്ടയം തമ്പുരാൻ B. ഉണ്ണായി വാര്യർ C. ഇരയിമ്മൻ തമ്പി

66. ശ്രീമതി സ്വയംവരം ആട്ടക്കഥയുടെ കർത്താവാര് ?
A. കുട്ടിക്കുഞ്ഞു തങ്കച്ചി B. ഇരയിമ്മൻ തമ്പി C .ഉണ്ണായി വാര്യർ

67. കുട്ടിക്കുഞ്ഞു തങ്കച്ചിയുടെ ജീവിതകാലം ഏത് ?
A.18- ാO നൂറ്റാണ്ട് B. 19- ാO നൂറ്റാണ്ട് C. 16- ാO നൂറ്റാണ്ട്

68. നാരദ മോഹനം ഏത് വിഭാഗത്തിൽപ്പെടുന്ന കൃതിയാണ്?
A . ആട്ടക്കഥ B. തുള്ളൽ C. തിരുവാതിര

69. കിരാതം കുറത്തിപ്പാട്ടിന്റെ രചയിതാവാര്?

A . ഇരയിമ്മൻ തമ്പി B.കല്യാണി അമ്മ C.കുട്ടിക്കുഞ്ഞു തങ്കച്ചി

70. കുഞ്ചൻ നമ്പ്യാരുടെ കാലം ഏത് ?
A. 17- ാO നൂറ്റാണ്ട്  B.18- ാO നൂറ്റാണ്ട് C.19- ാO നൂറ്റാണ്ട്

71.നളചരിതം കിളിപ്പാട്ട് രചിച്ചത് ആര്?
A.കുഞ്ചൻ നമ്പ്യാർ  B ഉണ്ണായി വാര്യർ  C. പൂന്താനം

72.കുഞ്ചൻ നമ്പ്യാർ ജനിച്ച സ്ഥലം  ഏത് ?
A.കിള്ളിക്കുറിശ്ശി മംഗലം B. പാലക്കാട്   C. ചേർത്തല

73.ഓട്ടൻ തുള്ളലിന്റെ ഉപജ്ഞാതാവ്
A. എഴുത്തച്ഛൻ B.കുഞ്ചൻ നമ്പ്യാർ      C. ചെറുശ്ശേരി

74.മലയാളത്തിലെ ആദ്യത്തെ ജനകീയ കവി എന്നറിയപ്പെടുന്നത് ആര്?
A . പൂന്താനം   B. രാമപ്പണിക്കർ       C. കുഞ്ചൻ നമ്പ്യാർ

75.ആദ്യത്തെ തുള്ളൽപ്പാട്ട് ഏത്?
A. കിരാതം    B. രുഗ്മിണീ സ്വയംവരം C.കല്യാണസൗഗന്ധികം

76.വൈദേശികസഹായം കൂടാതെ അച്ചുകൂടം സ്ഥാപിച്ച ആദ്യ മലയാളി ആര്?
A.ചാവറയച്ചൻ B. അർണോസ് പാതിരി C. ബഞ്ചമിൻ ബെയ്ലി

77.സാക്ഷരതയുടെ പിതാവ് എന്ന് വിശേഷിപ്പിക്കപ്പെട്ട കേരളത്തിലെ സാമൂഹിക പരിഷ്കർത്താവ് ആര്?
A . ചാവറ കുര്യാക്കോസ് ഏലിയാസ് B. എഴുത്തച്ഛൻ C. ഹെർമൻ ഗുണ്ടർട്ട്

78. അനസ്താസ്യയുടെ രക്ത സാക്ഷ്യം എന്ന കൃതി രചിച്ചതാര്
A . ഹെർമൻ ഗുണ്ടർട്ട്  B. ചാവറയച്ചൻ   C. ഗുണ്ടർട്ട്

79. വഞ്ചിപ്പാട്ട് പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ് ആര്?
A . കുഞ്ചൻ നമ്പ്യാർ   B. എഴുത്തച്ഛൻ    C. രാമപുരത്ത് വാര്യർ

80.കുചേലവൃത്തം വഞ്ചിപ്പാട്ടിന്റെ രചയിതാവാര്?
A .രാമപുരത്ത് വാര്യർ B.കുഞ്ചൻ നമ്പ്യാർ C. എഴുത്തച്ഛൻ

81. തെക്കൻ പാട്ടുകൾ, പാടിക്കൊണ്ട് അവതരിപ്പിക്കുന്ന കലാരൂപത്തിൻറെ പേരെന്ത്?
A വില്ലടിച്ചാൻ പാട്ട്   B മുടിയേറ്റ്   C യക്ഷഗാനം

82. തച്ചോളി പാട്ടുകളിലെ പ്രധാന കഥാപാത്രം ഏത്?
A ഉണ്ണിയാർച്ച   B ആരോമൽ ചേകവർ   C ഒതേനൻ

83. 'നമ്മുടെ പണ്ടത്തെ കാരണോന്മാർ
ഇഴവത്തു നാട്ടീന്നു വന്നോരാണേ..'എന്ന പ്രസ്താവനയുള്ള പാട്ട് ഏത് ?
A തച്ചോളി പാട്ട്   B പുത്തുരം പാട്ട്   C ഇടനാടൻപാട്ട്

84. മാർത്താണ്ഡവർമ്മ മഹാരാജാവ് എട്ടു വീടരെ ഭയന്ന് ഒളിച്ചു താമസിക്കുന്നതുമായി ബന്ധപ്പെട്ട കഥകൾ ആസ്പദമാക്കിയുള്ളപാട്ടിന്  ഉദാഹരണം താഴെ തന്നിരിക്കുന്നവയിൽ ഏതാണ്?
A തമ്പുരാൻ പാട്ട്   B കന്നടിയാൻ പോര്
C ഇരവിക്കുട്ടിപ്പിള്ളപ്പോര്

85. 'പയ്യന്നൂർപാട്ട്'  ശേഖരിച്ച്സംരക്ഷിക്കുകയും  അതിനെക്കുറിച്ച്  ആദ്യമായി വിവരങ്ങൾ നൽകുകയും ചെയ്ത വ്യക്തി ആര്?
A ചേലനാട്ട് അച്യുതമേനോൻ   B ഹെർമൻ ഗുണ്ടർട്ട്
C പി കെ നാരായണപിള്ള

86. കളിയാട്ടം ഏത് കലാരൂപവുമായി ബന്ധപ്പെട്ടതാണ്?
A തെയ്യം   B മുടിയേറ്റ്   C കഥകളി

87. തെയ്യാനുഷ്ഠാനത്തെ ചിട്ടപ്പെടുത്തിയ വ്യക്തി എന്നറിയപ്പെടുന്നതാര്?
A വിഷ്ണുമൂർത്തി B മണക്കാടൻ ഗുരുക്കൾ
C വയനാട്ടുകുലവൻ

88. പൊട്ടൻ തെയ്യത്തോറ്റത്തിൻറെ പുരാണവുമായി ബന്ധപ്പെട്ട കൃതി ഏത്?
A സൗന്ദര്യലഹരി B മനീഷാപഞ്ചകം
C ചിലപ്പതികാരം

89. വയനാടൻ പുഞ്ചയുടെ കാവലാൾ ആര്?
A പൊട്ടൻ B വീരൻ C വിഷ്ണുമൂർത്തി

90. ഗവേഷകർ, ഉത്തര കേരളത്തിലെ നാടൻ പാട്ടുകളെ അപഗ്രഥിക്കാൻ ഉതകുന്ന സിദ്ധാന്തം എന്ന് ഗവേഷകർ അഭിപ്രായപ്പെടുന്ന സിദ്ധാന്തം ഏത്?
A കാർണിവൽ B കെട്ടുമുറ C ധ്വനി

91. 'ഇരവിക്കുട്ടിപ്പിള്ളപ്പോര്' പാട്ടിൻറ മറ്റൊരു പേര് എന്ത്?
A പുത്തുരം പാട്ട് B തച്ചോളി പാട്ട്
C കണിയാംകുളത്തു പോര്

92.താഴെ തന്നിരിക്കുന്നവയിൽ ഇടനാടൻ പാട്ടിന് ഉദാഹരണം ഏത്?
A ചെങ്ങന്നൂരാതിപാട്ട് B പുത്തുരം പാട്ട് C തച്ചോളി പാട്ട്

93.ചെങ്ങന്നൂരാതിയുടെ ഗുരുവിൻറെ പേരെന്ത്?
A കരിയാപണിക്കൻ B ചെങ്ങന്നൂരപ്പൻ C കണ്ണപ്പനുണ്ണി

94. തുവലുഴിയലും നാവലയും ഏതു കൃതിയുമായി ബന്ധപ്പെട്ടതാണ്?
A രാമചരിതം B തച്ചോളി പാട്ട് C തിരുനിഴൽമാല

95.മലയാളത്തിൽ അച്ചടിയിൽ എത്തിയ ഏറ്റവും വലിയ ഓറൽഎപ്പിക് എന്ന് അറിയപ്പെടുന്ന കഥാഗാനം ഏത്?
A പുത്തുരം പാട്ടുകൾ B തച്ചോളി പാട്ട്
C ചെങ്ങന്നൂരാതിപാട്ട്

96. കപ്പൽ നിർമ്മാണ കേന്ദ്രമായ കച്ചിൽ പട്ടണത്തെ കുറിച്ചും അവിടെ വരുന്ന വിദേശിയരെകുറിച്ചും പ്രധാന വിവരങ്ങൾ ലഭിക്കുന്ന കൃതിയേത്?
A പയ്യന്നൂർ പാട്ട് B തിരുനിഴൽമാല C രാമചരിതം

97. തുളുനാട് മുതൽ മുതൽ കൊടുങ്ങല്ലൂർ വരെയുള്ള ഉള്ള നാടോടിപ്പാട്ടുകൾ 'ബാലഡ്സ് ഓഫ് ഓഫ് നോർത്ത് മലബാർ' എന്ന പേരിൽ ശേഖരിച്ച വ്യക്തി ആര്?
A പി കെ നാരായണപിള്ള B ഗുണ്ടർട്ട് C പെർസി മാക്വിൻ

98. ഗ്രാമീണ ജനസംഘങ്ങളുടെ പാട്ടും കവിതയും ആണിവ; ഇതിൻറെസാഹിത്യം ആരും എഴുതിയും അച്ചടിച്ചും പ്രചരിപ്പിക്കുന്നതല്ല, പാടി പ്രചരിക്കുന്നതാണ് . 'ഡിക്ഷ്ണറി ഓഫ് ഫോക്‌ലോർ' ഇപ്രകാരം നിർവചിക്കുന്നത് എന്തിനെക്കുറിച്ചാണ്?
A നാടൻ പാട്ടുകൾ B രാമകഥാപാട്ട് C കൃഷ്ണപ്പാട്ട്

99. പരശുരാമൻ, കേരളത്തെ ദുർഭൂതങ്ങളിൽ നിന്ന് രക്ഷിക്കാൻ ശാസ്താവിനേയും ദേവിയേയും പ്രതിഷ്ഠിച്ച എന്ന ഐതിഹ്യവുമായി ബന്ധപ്പെട്ട പാട്ട് ഏത്?
A സർപ്പപ്പാട്ട് B ഭദ്രകാളി പാട്ട് C യാത്രക്കളി പാട്ട്

100. 'തുയിലുണർത്തുപാട്ടി'ൻറെ മറ്റൊരു പേര് എന്ത്?
A കെസ്സ പാട്ട് B റമ്പാൻ പാട്ട് C പാണപ്പാട്ട്